# പതിനാലാം കേരള നിയമസഭ
## പതിമൂന്നാംസമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 4350 — 13/12/2018 ൽ മറുപടിക്ക്

**ശബരിമല സൗകര്യങ്ങൾ സംബന്ധിച്ച മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.അൻവർ സാദത്ത്<br>ശ്രീ.ഷാഫി പറമ്പിൽ<br>ശ്രീ.ഹൈബി ഈഡൻ<br>ശ്രീ.അനിൽ അക്കര | കടകംപള്ളി സുരേന്ദ്രൻ<br>(സഹകരണവും ടൂറിസവും ദേവസ്വവും വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | ശബരിമലയിൽ അടിയന്തരമായി അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കണമെന്ന മനുഷ്യാവകാശ കമ്മീഷന്റെ നിർദ്ദേശം നടപ്പിലാക്കാൻ എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിരിക്കുന്നത്; | (എ) | അത്തരം നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ പ്രളയത്തിന്റെ പശ്ചാത്തലത്തിൽ ഇനിപ്പറയുന്ന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. പമ്പയിൽ നിന്നും നിലയ്ക്കലിലേയ്ക്ക് ബേസ് ക്യാമ്പ് മാറ്റിയിട്ടുണ്ട്. നിലയ്ക്കലിൽ 9000 തീർത്ഥാടകർക്ക് വിരിവയ്ക്കുന്നതിനുള്ള വിരി ഷെഡ്ഡുകൾ, 20,000 വാഹനങ്ങൾക്ക് പാർക്ക് ചെയ്യുവാനുള്ള പാർക്കിംഗ് സൗകര്യവും 920 ശൗചാലയങ്ങൾ, പ്രതിദിനം 65 ലക്ഷം ലിറ്റർ ശുദ്ധ ജലം സംഭരിക്കുതിനുള്ള സംവിധാനം, കുടിവെള്ളം വിതരണം ചെയ്യുന്നതിനുള്ള 25 ആർ.ഒ പ്ലാന്റുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. സന്നിധാനത്ത് ഭക്തർക്ക് വിരിവയ്ക്കുന്നതിനും, കുടിവെള്ളത്തിനും മെഡിക്കൽ സഹായം ലഭ്യമാക്കുന്നതിനും സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. പമ്പയിൽ പ്രളയത്തിൽ അടിഞ്ഞ് കൂടിയ മണലും വൃക്ഷങ്ങളും നീക്കം ചെയ്ത് സാധാരണ നിലയിൽ ആക്കിയിട്ടുണ്ട്. നശിച്ചുപോയ ശൗചാലയങ്ങൾക്ക് പകരം പുതിയ ബയോ ടോയ് ലറ്റുകൾ, ബയോ യൂറിനലുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | മണ്ണിടിഞ്ഞ് പോയ സ്ഥലങ്ങൾ മണൽ ചാക്കുകൾ അടുക്കി സംരക്ഷിച്ചിട്ടുണ്ട്. തീർത്ഥാടകർക്ക് സമാധാനപരമായി ഭയാശങ്കകളില്ലാതെ തീർത്ഥാടനം നടത്തുന്നതിനുള്ള സുരക്ഷയും ഒരുക്കിയിട്ടുണ്ട്. |
| (ബി) | ശബരിമലയിലെ പൈപ്പുകളിലും ടോയ്‌ലറ്റുകളിലും വെള്ളം ഇല്ലെന്നും ഇതുകാരണം പമ്പ നദി മലിനമാകുന്നു എന്നുമുള്ള കമ്മീഷന്റെ പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അവിടങ്ങളിൽ വെള്ളം ലഭ്യമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വ്യക്തമാക്കാമോ; | (ബി) | പൈപ്പുകളിലും ടോയ്‌ലറ്റുകളിലും ആവശ്യമായ വെള്ളം ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | ശബരിമലയിൽ ഡ്യൂട്ടിയിലുള്ള പോലീസുകാർക്കും മറ്റു ജീവനക്കാർക്കും അടിസ്ഥാന സൗകര്യങ്ങൾ പോലും നിഷേധിച്ചിരിക്കുകയാണ് എന്ന് കമ്മീഷൻ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അത് ഗൗരവമായി പരിഗണിച്ചിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽ പ്പെട്ടിട്ടില്ല. |
| (ഡി) | ഇവർക്ക് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചു; വിശദമാക്കാമോ? | (ഡി) | ഡ്യൂട്ടിയിലുള്ള പോലീസുകാർക്കും മറ്റു ജീവനക്കാർക്കും ഭക്ഷണം, താമസസൗകര്യം, കുടിവെള്ള സൗകര്യം, ടോയ് ലെറ്റ് സൗകര്യം എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട് |

സെക്ഷൻ ഓഫീസർ